ഉത്തരം

(എ) 36 വർക്ക്ഷോപ്പുകൾ നടത്തി.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഓരോ വർക്ക്ഷോപ്പിനും പ്രത്യേകം പ്രത്യേകം ഉദ്ദേശലക്ഷ്യങ്ങൾ ഉണ്ട് എങ്കിലും പൊതുവായ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. പുതിയ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും രൂപം നൽകുക.
2. പദ്ധതികളെക്കുറിച്ച് അവലോകനം നടത്തുക.
3. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക.
4. പ്രവർത്തന പരിപാടി തയ്യാറാക്കുക.
5. ഉദ്യോഗസ്ഥന്മാർക്കും പ്രവർത്തകർക്കും പരിശീലനം നൽകുന്നതിനാവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കുക.
6. മറ്റ് വിവിധ വകുപ്പുകളുമായുള്ള പ്രവർത്തനം ഏകോപിപ്പിക്കുക.

(ഇ) വിവിധ വർക്ക്ഷോപ്പുകൾ നടത്തിയതുമൂലം സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും പുതിയ ക്ഷേമ പദ്ധതികൾ സാമൂഹത്തിലെ ദുർബലരായ വിഭാഗങ്ങൾക്ക് ആസൂത്രണം ചെയ്യുവാനും സാധിച്ചു. ഉദ്യോഗസ്ഥരുടെയും മറ്റും കാര്യക്ഷമതയും അറിവും വർദ്ധിച്ചു. പദ്ധതികളുടെ കുറവും വീഴ്ചയും കണ്ടെത്തുവാനും ആയത് പരിഹരിക്കുവാൻ നടപടികൾ കൈക്കൊള്ളുവാനും സാധിച്ചു. വിവിധ പദ്ധതികളെ സംബന്ധിച്ച് വിവരങ്ങൾ പൊതുജനങ്ങളിലും ഗുണഭോക്താക്കളിലും കൂടുതൽ അവബോധം സൃഷ്ടിക്കാൻ സാധിച്ചു. യുണിസെഫ് പോലുള്ള അന്തർദേശീയ സംഘടനകളുമായി കൂടുതൽ സഹകരിക്കാനും അവരുടെ സഹായം ലഭിക്കാനും ഇടയാക്കി.

(എഫ്) ഈ വർക്ക്ഷോപ്പുകളിൽ പങ്കെടുക്കുന്നവർ സാമൂഹ്യക്ഷേമ വകുപ്പിലെ പ്രഗല്ഭരായ ഉദ്യോഗസ്ഥർ ന്യൂട്രീഷ്യൻ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരായതിനാൽ അവരുടെ അഭിപ്രായങ്ങൾ, ആശയങ്ങൾ എന്നിവ ഈ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

വനിതാ കമ്മീഷനുവേണ്ടി ചെലവായ തുക

47 (2044) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനിതാ കമ്മീഷൻ രൂപീകരിച്ചതു മുതൽ 2000 മെയ് 31 വരെ കമ്മീഷൻ ചെയർപേഴ്സണും മറ്റംഗങ്ങൾ ഓരോരുത്തരും വാങ്ങിയ ശമ്പളം ടി.എ., ഡി.എ. എന്നിവ എത്ര വീതമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശമ്പളമോ മറ്റ് അലവൻസുകളോ വാങ്ങാത്തവരായി ആരെങ്കിലും ഉണ്ടോ ;

(സി) കമ്മീഷന്റെ ആവശ്യത്തിന് എത്ര വാഹനങ്ങൾ നൽകിയിട്ടുണ്ട് ;

(ഡി) ഇവയുടെ ഉപയോഗത്തിന് എന്തു തുക ചെലവായി എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന വനിതാകമ്മീഷൻ രൂപീകരിച്ചതുമുതൽ കമ്മീഷൻ ചെയർപേഴ്സണും മറ്റംഗങ്ങൾ ഓരോരുത്തരും വാങ്ങിയ ഓണറേറിയം, റ്റി.എ., ഡി.എ. എന്നിവയുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പേര് (2000 മെയ് 31 വരെ)	ഓണറേറിയം രൂപ	റ്റി. എ./ ഡി.എ.(രൂപ)
1	ശ്രീമതി സുഗതകുമാരി ചെയർപേഴ്സൺ	3,03,484	21,104 (11/1999 വരെ)
2	അഡ്വ. നബീസത്തുബീവി (മെമ്പർ)	2,52,903	21,037 (12/1999 വരെ)
3	ശ്രീമതി റോസമ്മപുന്നൂസ്	2,52,903	86,941 (4/2000 വരെ)
4	ശ്രീമതി എം. കമലം, മെമ്പർ	2,52,903	1,06,782 (3/2000 വരെ)
5	ശ്രീമതി റ്റി. ദേവി, മെമ്പർ	2,33,548	1,74,995 (4/2000 വരെ)
6	അഡ്വ. നൂർബിനാറഷീദ്, മെമ്പർ	2,52,903	1,27,891 (4/2000 വരെ)
7	അഡ്വ. പി. രജനി, മെമ്പർ	2,11,667	1,33,993 (4/2000 വരെ)

റ്റി.എ., ഡി.എ. സംബന്ധിച്ചു മെയ് 31 വരെയുള്ള കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഓണറേറിയവും അലവൻസുകളും ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിലെ എല്ലാ അംഗങ്ങളും വാങ്ങുന്നുണ്ട്.

(സി) കാറും ഒരു മഹീന്ദ്രാ ജീപ്പും നൽകിയിട്ടുണ്ട്.

(ഡി) അംബാസിഡർ വാഹനങ്ങൾക്ക് റിപ്പയറിംഗ്, ഡീസൽ എന്നീ ഇനത്തിൽ 2000 മാർച്ചുവരെ ചെലവായതുക താഴെ കാണിക്കുന്നു.

റിപ്പയറിംഗ് ചെലവ്	1996 -97	12,838.00 രൂപ
	1997 - 98	57,999.00 രൂപ
	1998 - 99	1,64,587.00 രൂപ
	1999 - 2000	88,935.00 രൂപ
	ആകെ	3,24,359.00 രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഡീസൽ ചെലവ്	1996 - 97	24,280.00 രൂപ
	1997 - 98	1,54,484.00 രൂപ
	1998 - 99	1,41,311.00 രൂപ
	1999 - 2000	94,188.00 രൂപ
		4,14,263.00 രൂപ

അനാഥാലയങ്ങളിൽ നിന്നും ഔപചാരിക വിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികൾ

48 (2045) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം അനാഥാലയങ്ങളിലെ കുട്ടികളെയാണ് ഔപചാരിക വിദ്യാഭ്യാസം നൽകുന്നതിന് സ്കൂളുകളിലയ്ക്കുന്നതെന്നും ഓരോ അനാഥാലയങ്ങളിലും എത്ര കുട്ടികൾ വീതം ഏതൊക്കെ ക്ലാസുകളിൽ പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഏതെല്ലാം അനാഥാലയങ്ങളിൽ നിന്നുള്ള എത്ര കുട്ടികൾ പരീക്ഷയ്ക്കിരുന്നു എന്നും അതിൽ എത്ര കുട്ടികൾക്ക് ഡിസ്റ്റിംഗ്ഷനും ഫസ്റ്റ് ക്ലാസും സെക്കന്റ് ക്ലാസും ലഭിച്ചു എന്നും എത്രപേർ വിജയിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) അനാഥാലയങ്ങളിൽ പാർപ്പിച്ചിട്ടുള്ള കുട്ടികൾക്ക് കാലഘട്ടത്തിനുയോജിച്ച ശരാശരി സൗകര്യങ്ങൾപോലും നൽകിയിട്ടില്ലെന്നും പ്രസ്തുത സ്ഥാപനങ്ങളിലെ കുട്ടികൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നുവെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനാഥാലയങ്ങളിൽ കുട്ടികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇല്ല.

ഓർഫനേജുകൾക്ക് നൽകുന്ന ഗ്രാന്റ്

49 (2046) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓർഫനേജുകൾക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly